**പതിനാലാം കേരള നിയമസഭ**

പതിമ്മൂന്നാം സമ്മേളനം

**പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1729** — **04/12/2018-ൽ മറുപടിക്ക്**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം** | | **എ.സി.മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | ഇക്കഴിഞ്ഞ കാലവർഷത്തിലും വെള്ളപ്പൊക്കത്തിലും തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര റോഡുകൾക്ക് നാശനഷ്ടം ഉണ്ടായെന്നും എത്ര രൂപയുടെ നഷ്ടം ഉണ്ടായതെന്നും വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആയതിൻ പ്രകാരം 18,927 തദ്ദേശ റോഡുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതായും 1544.59 കോടി രൂപയുടെ നഷ്ടം ഉണ്ടായതായും കണക്കാക്കിയിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; റോഡുകളുടെ അറ്റകുറ്റപ്പണികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | മഴക്കെടുതിയെ തുടർന്ന് അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത് ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഇത് കൂടാതെ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം ടി കേടുപാടുകൾ പരിഹരിക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം കാറ്റഗറി തിരിച്ച് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് (റോഡ്, പാലം എന്നിവയുടെ )തദ്ദേശ സ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്.<br><br>റോഡ് കാറ്റഗറി I - മഴക്കെടുതി കാരണം ഗതാഗതം |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും സ്തംഭിച്ച് ഗതാഗത യോഗ്യമല്ലാതായി തീർന്ന (നശിച്ച് പോയ)റോഡ്, കലുങ്ക്, പാലങ്ങൾ എന്നിവ(മുൻപ് ഹെവി ലോഡഡ് വെഹിക്കിൾസ് -ബസ്, ടിപ്പർ, ലോറി മുതലായവ സഞ്ചരിച്ചിരുന്നവ എന്ന നിലവിൽ ഗതാഗതം നിഷേധിച്ചിരിക്കുന്നത് )<br><br>റോഡ് കാറ്റഗറി II - മഴക്കെടുതി കാരണം ഗതാഗത യോഗ്യമല്ലാതാവുകയും എന്നാൽ റീ സർഫേസിംഗ് ആവശ്യമായ റോഡുകൾ<br><br>റോഡ് കാറ്റഗറി III - മഴക്കെടുതി കാരണം നശിച്ചെങ്കിലും എന്നാൽ ഓർഡിനറി/റൂട്ടീൻ (Routine) മെയിന്റനൻസിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാധ്യമായവ.<br><br>മേൽപ്രകാരമുള്ള ടി കാറ്റഗറികളിൽ ഉദ്ദേശം 1544.49 കോടി രൂപ ആവശ്യമുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രപ്പോസൽ സർക്കാർ പരിഗണനയിലാണ്.<br>അടിയന്തിര സ്വഭാവത്തോടെ പുനരുദ്ധാരണം നടത്തേണ്ടവ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതിയിലും മറ്റുള്ളവ തുടർന്ന് വരുന്ന സാമ്പത്തിക പദ്ധതിയിലും ഉൾപ്പെടുത്തി ഗതാഗത യോഗ്യമാക്കുന്നതാണ്.<br>കൂടാതെ പി.എം.ജി.എസ്.വൈ.പദ്ധതിയിൽ ഉൾപ്പെട്ട 598 റോഡുകൾക്കായി 166.703 കോടി രൂപയുടെയും 1297 മറ്റു ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 626.52 കോടി രൂപയുടെയും പ്രൊപോസൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ടി റോഡുകളും ഗതാഗത യോഗ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**